**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

**2022 നവംബർ 28**

## വാർത്താക്കുറിപ്പ്

---

## പ്രവൃത്തിപരിചയ ശിൽപ്പശാലയ്ക്ക് തുടക്കമായി

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സോഫിസ്റ്റിക്കേറ്റഡ് അനലിറ്റിക്കൽ ഇൻസ്ട്രുമെൻറേഷൻ ഫെസിലിറ്റിയിൽ(സെയ്ഫ്) സംഘടിപ്പിച്ച ദേശീയ പ്രവൃത്തിപരിചയ ശിൽപ്പശാല വൈസ് ചാൻസലർ പ്രഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു.

ക്രൊമാറ്റോഗ്രഫി, സ്പെക്ട്രോസ്കോപ്പി, മൈക്രോസ്കോപ്പി എന്നീ സാങ്കേതിക വിദ്യകളുമായി ബന്ധപ്പെട്ട നൂതന ഉപകരണങ്ങളുടെ പ്രവൃത്തിപരിചയം ലക്ഷ്യമിട്ടാണ് സെയ്ഫും കാഞ്ഞിരപ്പള്ളി സെൻറ് ഡോമിനിക്സ് കോളജും ജെ.എസ്.എസ് അക്കാദമി ഓഫ് ഹയർ എജ്യുക്കേഷനും സംയുക്തമായി ശിൽപ്പശാല നടത്തുന്നത്.

തിരഞ്ഞെടുക്കപ്പെട്ട 30 പേരാണ് പരിപാടിയിൽ പങ്കെടുക്കുന്നത്. സെയ്ഫ് കേന്ദ്രത്തിൽ നടന്ന ഉദ്ഘാടനച്ചടങ്ങിൽ പ്രോ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, ജെ.എസ്.എസ് അക്കാദമി ഡീൻ ഡോ. പ്രശാന്ത് എം. വിശ്വനാഥ്, കാഞ്ഞിരപ്പള്ളി സെൻറ് ഡോമിനിക്സ് കോളേജ് പ്രിൻസിപ്പൽ ഡോ. സീമോൻ തോമസ് തുടങ്ങിയവർ പങ്കെടുത്തു. ശിൽപ്പശാല ഡിസംബർ നാലിന് സമാപിക്കും.

**ഫോട്ടോ അടിക്കുറിപ്പ്**

..............................
മഹാത്മാ ഗാന്ധി സർവകലാശാലയിലെ സോഫിസ്റ്റിക്കേറ്റഡ് അനലിറ്റിക്കൽ ഇൻസ്ട്രുമെന്റേഷൻ ഫെസിലിറ്റിയിൽ സംഘടിപ്പിച്ച ദേശീയ പ്രവൃത്തിപരിചയ ശിൽപ്പശാല വൈസ് ചാൻസലർ പ്രഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു.

(പി.ആർ.ഒ./39/1668/2022)

## റിസർച്ച് ഫെലോ; അപേക്ഷ ക്ഷണിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ബയോ സയൻസസ് കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ സാമ്പത്തിക സഹായത്തോടെ നടത്തുന്ന പ്രോജക്ടിൽ

റിസർച്ച് ഫെലോ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. ഇഞ്ചി ചെടിയുടെ വളർച്ചയും രോഗപ്രതിരോധ ശേഷിയും വർധിപ്പിക്കാൻ ഉതകുന്ന നാനോ ഫോർമുലേഷനുകൾ വികസിപ്പിക്കുന്നതു സംബന്ധിച്ചാണ് ഗവേഷണം.

എഴുപതു ശതമാനത്തിലധികം മാർക്കോടെ എം.എസ്.സി. മൈക്രോ ബയോളജിയും കുറഞ്ഞത് മൂന്നു വർഷത്തെ ഗവേഷണ പരിചയവും നെറ്റ്/ ഗേറ്റ് യോഗ്യതയും രാജ്യാന്തര ജേണലുകളിൽ കുറഞ്ഞത് മൂന്ന് പബ്ലിക്കേഷനുകളും ഉള്ളവരെയാണ് പരിഗണിക്കുന്നത്.

പ്രായപരിധി 30. പ്രതിമാസം 22000 രൂപയാണ് ഫെലോഷിപ്പ് തുക. മൂന്നു വർഷമാണ് പ്രോജക്ടിന്റെ കാലയളവ്.
താത്പര്യമുള്ളവർ ഡിസംബർ പത്തിനു മുൻപ് 2622@mgu.ac.in എന്ന ഇമെയിൽ വിലാസത്തിലേക്ക് ബയോഡേറ്റ അയയ്ക്കണം. ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുന്നവരെ മാത്രമാണ് അഭിമുഖത്തിൽ പങ്കെടുപ്പിക്കുക.

(പി.ആർ.ഒ./39/1669/2022)

## യോഗിക് സയൻസ് ഡിപ്ലോമ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആൻഡ് എക്സ്റ്റൻഷൻ നടത്തുന്ന യോഗിക് സയൻസ് ഡിപ്ലോമ കോഴ്സിന് അപേക്ഷ ക്ഷണിച്ചു.

പ്രിഡിഗ്രി അല്ലെങ്കിൽ പ്ലസ് ടുവും വകുപ്പ് നടത്തുന്ന യോഗിക് സയൻസ് സർട്ടിഫിക്കറ്റ് കോഴ്സും വിജയിച്ചവർക്ക് അപേക്ഷിക്കാം.

കോഴ്സ് ഫീസ് 8300 രൂപ. താത്പര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോയും കോഴ്സ് ഫീസുമായി നവംബർ 30 ന് വകുപ്പിൽ എത്തണം.ഫോൺ: 08301000560

(പി.ആർ.ഒ./39/1670/2022)

## അപേക്ഷ നൽകാം

നാലാം സെമസ്റ്റർ ബി.വോക് (2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2018 അഡ്മിഷൻ സപ്ലിമെൻററി - പുതിയ സ്കീം) പരീക്ഷകൾക്ക് നവംബർ 29 മുതൽ ഡിസംബർ ഒന്നു വരെ പിഴ കൂടാതെ അപേക്ഷ നൽകാം.

പിഴയോടു കൂടി ഡിസംബർ രണ്ടിനും സൂപ്പർ ഫൈനോടു കൂടി ഡിസംബർ മൂന്നിനും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ./39/1671/2022)

## പ്രാക്ടിക്കൽ

ഈ വർഷം മെയ് മുതൽ ഓഗസ്റ്റ് വരെ നടന്ന ഒന്നു മുതൽ എട്ട് വരെ സെമസ്റ്റർ ബി.ടെക് കമ്പ്യൂട്ടർ സയൻസ് എൻജിനീയറിംഗ് (പഴയ സ്കീം, 1997 മുതൽ 2009 വരെ അഡ്മിഷനുകൾ

മെഴ്സി ചാൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ അഞ്ചു മുതൽ തൊടുപുഴ മുട്ടം യു.സി.ഇയിൽ നടക്കും.  ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1672/2022)

## പരീക്ഷാഫലം

ഈ വർഷം ഓഗസ്റ്റിൽ നടന്ന ആറാം സെമസ്റ്റർ ബി.എച്ച്.എം. (2018 അഡ്മിഷൻ റഗുലർ, 2014 മുതൽ 2017 വരെ അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/1673/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**